പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 457 — 17.05.2017 -ൽ മറുപടിക്ക്.

## പാചകവാതകത്തിന്റെ അളവിലും വിലയിലും തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് പാചകവാതകത്തിന്റെ അളവിൽ (തൂക്കത്തിൽ) തട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ഉണ്ട്. ബോട്ട് ലിംഗ് പ്ലാന്റിൽ നിന്ന് ലഭ്യമാകുന്ന പാചകവാതക സിലിണ്ടറുകൾ വിതരണ ഏജൻസികൾ പരിശോധന നടത്തി കൃത്യമായ അളവ് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. എങ്കിലും അളവിൽ വ്യത്യാസമുണ്ടാകുന്ന ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** ഇത്തരം തട്ടിപ്പ് നടത്തുന്ന ഓയിൽ കമ്പനികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്ത മാക്കുമോ ; | **(ബി)** ഉണ്ട്. എറണാകുളത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻഡെയ്ൻ (എൽ.പി.ജി) ബോട്ടിലിംഗ് പ്ലാന്റിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തി ടി ഓയിൽ കമ്പനിക്കെതിരെ കേസ്സ് എടുക്കുകയും 7.5 ലക്ഷം രൂപ (ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രാജി ഫീസ് ചുമത്തിയിട്ടുമുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷം അഞ്ച് കേസ്സുകൾ കണ്ടെത്തുകയും 89000/- (എൺപത്തിയൊൻപതിനായിരം രൂപ മാത്രം) രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| **(സി)** പാചകവാതക സിലിണ്ടറുകൾക്ക് എം.ആർ.പി. യേക്കാൾ അധികവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരി ക്കുമോ ; | **(സി)** ഇല്ല. എങ്കിലും പാചകവാതകത്തിന് ചില്ലറ വില്പന വിലയേക്കാൾ കൂടുതലായി ഈടാക്കുന്നു എന്ന് ഏതെങ്കിലും ഉപഭോക്താക്കൾ പരാതിപ്പെട്ടാൽ ഉടനടി തന്നെ നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) വിതരണ ഏജൻസിയുടെ സംഭരണ ശാലയിൽ നിന്ന് എത്ര കിലോമീറ്റർ വരെ ചുറ്റളവിൽ ഉള്ള വീടുകൾക്കാണ് എം.ആർ.പി. നിരക്കിൽ പാചകവാതക സിലിണ്ടർ നൽകുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യം കണക്കാക്കാതെ വിതരണ ഏജൻസികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) വിതരണ ഏജൻസിയിൽ നിന്നും അഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള വീടുകൾക്കാണ് എം.ആർ.പി നിരക്കിൽ പാചകവാതക സിലിണ്ടർ നല്കുന്നത്. ഗ്യാസ് സിലിണ്ടർ വീട്ടിൽ എത്തിച്ചു നൽകുന്നതിനുള്ള ഡെലിവറി ചാർജ്ജ് നിശ്ചയിക്കുന്നത് ഓരോ ജില്ലയുടേയും ഭൂപ്രകൃതി അനുസരിച്ച് അതാത് ജില്ലാ കളക്ടർമാരാണ്. അതാത് ഗ്യാസ് ഏജൻസിയുടെ ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്ക് ചെയ്യുന്ന ഗോഡൗൺ മുതൽ ഉപഭോക്താവിന്റെ വീട് വരെയുള്ള ദൂരം അടിസ്ഥാനമാക്കിയാണ് ഡെലിവറി ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ചില ഏജൻസികൾ ഡെലിവറി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഡെലിവറി ചാർജ്ജ് പ്രസിദ്ധപ്പെടുത്തണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി ഗ്യാസ് സിലിണ്ടറുകളുടെ ഡെലിവറി ചാർജ്ജ് ഡെലിവറി ക്യാഷ് മെമ്മോയിൽ രേഖപ്പെടുത്തുന്നുണ്ട്. ഡെലിവറി ചാർജ്ജ് സംബന്ധിച്ച പരാതികൾ ഉപഭോക്താക്കൾക്ക് ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്തുകളിൽ ഉന്നയിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ ഗ്യാസ് ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ